"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ് - മുസിരിസ് പ്രോജക്ട്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ ശമ്പള ആനുകൂല്യങ്ങൾ നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (സി) വകുപ്പ്**

സ.ഉ.(കൈ) നം.2/2026/TSM തീയതി,തിരുവനന്തപുരം, 29-01-2026

---

പരാമർശം:-

1. സ.ഉ(പി) നം.131/22/ഫിൻ തീയതി 29.10.2022.
2. സ.ഉ(സാധാ) നം.88/2025/ടൂറിസം തീയതി 18.02.2025.
3. മുസിരിസ് മാനേജിംഗ് ഡയറക്ടറുടെ 27.02.2025-ലെ എം.പി.എൽ-294/19/എ.എം/130 നമ്പർ കത്ത്.
4. സ.ഉ(സാധാ) നം.351/25/ടി.എസ്.എം തീയതി 21.06.2025.
5. മുസിരിസ് മാനേജിംഗ് ഡയറക്ടറുടെ 30.06.2025-ലെ എം.പി.എൽ-433/25/JZ/332 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (2) പ്രകാരം ശ്രീ. ഷാരോൺ വി.യെ മുസിരിസ് പ്രോജക്ട്സ് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടറായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് 20.02 2025 ന് ശ്രീ. ഷാരോൺ വി. മുസിരിസ് പ്രോജക്ട്സ് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടറായി ചുമതല ഏറ്റെടുത്തു. മുസിരിസിലെ മാനേജിംഗ് ഡയറക്ടർ തസ്തികയിലെ ഔപചാരിക ശമ്പള നിർണ്ണയം പൂർത്തിയാകുന്നതിനുളവാകുന്ന കാലതാമസം കണക്കിലെടുത്ത് ഒരു ഇടക്കാല അലവൻസ് അനുവദിക്കണമെന്ന് ശ്രീ. ഷാരോൺ വി അഭ്യർത്ഥിച്ചതിൻപ്രകാരം ടിയാന്റെ ശമ്പളം ഫിക്സ് ചെയ്തതിനു ശേഷം അഡ്വാൻസ് എടുത്ത തുക മുസിരിസിന്റെ തനതു ഫണ്ടിലേക്ക് റീഫണ്ട് ചെയ്യുമെന്ന സമ്മതപത്രത്തിന് വിധേയമായും ടി വിഷയം അടുത്ത കമ്പനി ബോർഡ് യോഗത്തിൽ വച്ചു അംഗീകാരം നേടണമെന്ന നിബന്ധനക്ക് വിധേയമായും മുസിരിസ് ഹെറിറ്റേജ് പ്രോജക്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ പ്രതിമാസ ശമ്പളം മുസിരിസിന്റെ തനതു ഫണ്ടിൽ നിന്ന് 50,000/-രൂപ അഡ്വാൻസ് ആയി അനുവദിച്ച് പരാമർശം (4) പ്രകാരം അനുമതി നൽകിയിരുന്നു. മുസിരിസ് പ്രോജക്ട്സ് ലിമിറ്റഡിന്റെ ബോർഡ് മീറ്റിംഗിലെ തീരുമാനപ്രകാരം മുസിരിസ് മാനേജിംഗ് ഡയറക്ടറുടെ ശമ്പളം ഔദ്യോഗികമായി നിശ്ചയിക്കുന്നതിനുള്ള ശിപാർശ പരാമർശം (5) പ്രകാരം സർക്കാരിന് ലഭ്യമാക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഡി' കാറ്റഗറിയിൽ ഉൽപ്പെടുന്ന മുസിരിസ് പ്രോജക്ട്സ് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടറുടെ ശമ്പള സ്കെയിൽ 43200-66000 ആണ്. 01.01.2007 പ്രാബല്യത്തിൽ CPSE Pay Revision പ്രകാരം IDA(Industrial Dearness Allowances) ടി തീയതിയിൽ അനുവദനീയമായ ക്ഷാമബത്ത 228.5% ആണ്. തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ മുൻസിപ്പാലിറ്റിയിലെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ മുസിരിസ് പ്രോജക്ട്സ് ലിമിറ്റഡിന്റെ അനുവദനീയമായ വീട്ടുവാടക ബത്ത 10% ആണ്.

3.മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, മുസിരിസ് പ്രോജക്ട്സ് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടർ, ശ്രീ.ഷാരോൺ.വി യുടെ ശമ്പള ആനുകൂല്യങ്ങൾ ടിയാൻ ജോലിയിൽ പ്രവേശിച്ച തീയതിയായ 20.02.2025 പ്രാബല്യത്തിൽ താഴെ പറയും പ്രകാരം പരാമർ ശം (1) ഉത്തരവിലെ നിബന്ധനകളെ അടിസ്ഥാനമാക്കി നിശ്ചയിച്ച് ഉത്തരവാകുന്നു.

| ശമ്പള സ്കെയിൽ | 43200-66000 |
|---|---|
| അടിസ്ഥാന ശമ്പളം | 43200 |
| ക്ഷാമബത്ത (228.5%) | 98712 |
| വീട്ട് വാടക ബത്ത (10%) | 4320 |
| ആകെ ശമ്പളം | 1,46,232 |

(i) മേൽ നിശ്ചയിച്ച പ്രകാരമുള്ള ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ, ടിയാന് പരാമർശം (4) ഉത്തരവ് പ്രകാരം അനുവദിച്ച് വരുന്ന അഡ്വാൻസ് തുക തട്ടിക്കിഴിച്ച് ബാക്കി തുക മാത്രം കുടിശ്ശികയായി അനുവദിക്കേണ്ടതാണ്.

(ii). ഇ.പി.എഫിലേക്കുള്ള പരമാവധി തൊഴിലുടമാവിഹിതം 15000 (Basic Pay + D.A) രൂപയുടെ 12% ആയിരിക്കും.

(iii) മെഡിക്കൽ ആനുകൂല്യങ്ങൾ സംബന്ധിച്ച് പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 1 1 ലെ വ്യവസ്ഥ പ്രകാരമുള്ള ഒരു പദ്ധതി നടപ്പിലാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നത് വരെ നിലവിലെ സ്ഥിതി തുടരാവുന്നതാണ്.

(iv) പരാമർ ശം (1) ഉത്തരവിലെ യാത്രാബത്ത സംബന്ധിച്ച വ്യവസ്ഥ പ്രകാരം ചട്ടങ്ങൾ രൂപീകരിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നത് വരെ മുസിരിസ് പ്രോജക്ട്സ് ലിമിറ്റഡിന്റെ നിലവിലെ ചട്ടങ്ങൾ പ്രകാരം യാത്രാ ബത്ത അനുവദിക്കാവുന്നതാണ്.

( v ) മുസിരിസ് പ്രോജക്ട്സ് ലിമിറ്റഡിന്റെ നിലവിലെ ചട്ടങ്ങൾ പ്രകാരം അനുവദിച്ച് വരുന്ന അവധികളും അനുവദിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡി.ജഗദീഷ്

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം.

മാനേജിംഗ് ഡയറക്ടർ, മുസിരിസ് പ്രോജക്ട്സ് ലിമിറ്റഡ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( എ & ഇ ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്( 3315302/പി യു സി 3/158/25-ഫിൻ നമ്പർ ഫയൽ പ്രകാരം)

വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Ponnamma N K**
**Date: 29-01-2026 14:37:49**

സെക്ഷൻ ഓഫീസർ

പകർപ്പ് :

വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ.

വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.